പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 578

27-10-2011 ൽ മറുപടിയ്ക്ക്

# ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.സി.മോയിൻകുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) നെൽകൃഷി വികസനത്തിനു നടപ്പാക്കി വരുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം, ഇതു വരെയുള്ള പ്രവർത്തന പരിചയത്തിന്റെ വെളിച്ചത്തിൽ പരിഷ്ക്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) നെൽകൃഷി വികസനത്തിനു നടപ്പാക്കി വരുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പരിഷ്ക്കരിക്കേണ്ടതുണ്ട്. നെൽകൃഷി നിലനിർത്തുകയും ഉൽപാദനക്ഷമത ഹെക്ടറിന് 3 ടണ്ണിൽ കൂടുതൽ കൈവരിക്കുകയുമാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കൂട്ടായ പ്രയത്നത്തിലൂടെ ശാസ്ത്രീയ രീതിയിൽ കൃഷി ചെയ്യുന്നതു വഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനു സാധിക്കും. പാടശേഖരാടിസ്ഥാനത്തിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഗുണമേന്മയുള്ള ഒരേയിനം വിത്ത് കൃഷി ചെയ്യുകയും പൊതു ഞാറ്റടി തയ്യാറാക്കുകയും ജലപരിപാലനം, കളനിയന്ത്രണം, വളപ്രയോഗം, സസ്യ സംരക്ഷണം, വിളവെടുപ്പ് എന്നിവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ നെൽകൃഷിയിൽ നേരിടുന്ന പരമാവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് 40,000/- രൂപ വരെ ചിലവ് വരുന്നുണ്ട്. എന്നാൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി വഴി ഉല്പാദനോപാധികൾക്ക് നെൽകൃഷി നിലനിർത്തുന്നതിന് നൽകാൻ കഴിയുന്ന പരമാവധി സഹായം ഹെക്ടറിന് 1500/- രൂപയാണ്. ഉല്പാദന ചിലവുമായി താരതമ്യം ചെയ്യുമ്പോൾ ഹെക്ടറിന് 1500/- രൂപ എന്നത് വളരെ നിസ്സാരമായ തുകയാണ്. സംസ്ഥാനത്ത് കൃഷിയിറക്കുന്ന മുഴുവൻ പ്രദേശത്തും സഹായം എത്തിക്കാൻ ഈ പദ്ധതി പ്രകാരം |

കഴിയാറില്ല. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് മേഖലയ്ക്ക് നൽകുന്ന സഹായങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | മൊത്തം നെൽ കൃഷി വിസ്തൃതി (വിരിപ്പു+ മുണ്ടകൻ+ പുഞ്ച) (ഹെക്ടർ) | ആനുകൂല്യം അനുവദിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | 2009-10 | 2,34,014 | 1,43,000 |
| 2 | 2010-11 | 2,43,141 | 1,66,667 |
| 3 | 2011-12 (പ്രതീക്ഷിക്കുന്നത് | 2,50,000 | 1,70,000 |

(ബി) 2009-10, 2010-11 എന്നീ രണ്ട് വർഷങ്ങളിൽ ഈ പദ്ധതിയുടെ പ്രവർത്തന ലക്ഷ്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ; കൈവരിച്ച നേട്ടങ്ങളുടെ വിശദവിവരം നല്കുമോ;

(ബി) 2009-10 വർഷം 1.43 ലക്ഷം ഹെക്ടറിലെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം 2.34 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിനും അതുവഴി 5.98 ലക്ഷം ടൺ വിളവ് ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ നെൽകൃഷിയുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ചിട്ടുള്ള 11 നെൽകൃഷി വികസന ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2010-11 വർഷം ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 1.67 ലക്ഷം ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. എങ്കിലും കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2.43 ലക്ഷം ഹെക്ടറിൽ കൃഷി നടത്തുന്നതിനും 6.3 ലക്ഷം ടൺ വിളവുണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ 2476 ഹെക്ടറിൽ തരിശു ഭൂമി കൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷി വികസന ഏജൻസികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപയും 11 ഏജൻസികൾക്കായി അനുവദിച്ചിട്ടുണ്ട്.

(സി) നടപ്പു വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യമെന്താണെന്നും ലക്ഷ്യം നേടുന്നതിന് എന്തൊക്കെ പദ്ധതികളാണ്

(സി) 2011-12 വർഷം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി 1,70,000 ഹെക്ടറിലും തരിശുഭൂമി കൃഷി 3000 ഹെക്ടറിലും വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ 8000 ഹെക്ടറിൽ കര നെൽകൃഷിയും നടപ്പിലാക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിക്കായി ഹെക്ടറിന് 1500 രൂപ നിരക്കിൽ 2550 ലക്ഷം രൂപയും തരിശു ഭൂമി കൃഷിക്കായി ഹെക്ടറിന് 5000 രൂപ നിരക്കിൽ

| | | | |
|---|---|---|---|
| | ആസൂത്രണം ചെയ്തിട്ടുള്ള തെന്നും വ്യക്ത മാക്കുമോ; | | 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നെൽകൃഷി വികസന ഏജൻസികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപയും 11 ഏജൻസികൾക്കായി നൽകിയിട്ടുണ്ട്. |
| (ഡി) | ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുദ്ധരിക്കുന്ന തിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും, നിലവിൽ പ്രവർത്തന ക്ഷമമായ എത്ര സമിതികളുണ്ടെ ന്നും എത്ര ഹെക്ടർ സ്ഥലം അവർക്ക് ലഭ്യ മാണെന്നും വ്യക്ത മാക്കുമോ? | (ഡി) | പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂട്ടായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രവർത്തിക്കുന്നതുമായ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ പ്രവർത്തനം പുനരുദ്ധരിക്കുന്ന തിന് പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികളിലൂടെ സാധിക്കുന്നതാണ്. നിലവിൽ കേരളത്തിൽ പ്രവർത്തനക്ഷമമായ 6829 എണ്ണം പാടശേഖര സമിതികളും അവയുടെ നേതൃത്വത്തിൽ 1,70,000 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് നെൽകൃഷിയ്ക്ക് ലക്ഷ്യമിട്ടിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | പാടശേഖര സമിതികളുടെ എണ്ണം | മൊത്തം വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| (1) | തിരുവനന്തപുരം | 168 | 1500 |
| (2) | കൊല്ലം | 244 | 4500 |
| (3) | കോട്ടയം | 593 | 11000 |
| (4) | ഇടുക്കി | 73 | 1000 |
| (5) | എറണാകുളം | 486 | 9000 |
| (6) | തൃശ്ശൂർ | 790 | 21000 |
| (7) | പാലക്കാട് | 1518 | 63500 |
| (8) | മലപ്പുറം | 585 | 7500 |
| (9) | കോഴിക്കോട് | 232 | 2500 |
| (10) | കണ്ണൂർ | 416 | 5000 |
| (11) | വയനാട് | 402 | 3500 |
| (12) | പത്തനംതിട്ട | 121 | 3000 |
| (13) | കാസർഗോഡ് | 339 | 2000 |
| (14) | ആലപ്പുഴ | 862 | 35000 |
| | **ആകെ** | **6829** | **170000** |

സെക്ഷൻ ഓഫീസർ